പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3434 — 18-02-2013 – ൽ മറുപടിയ്ക്ക്

## മാമം നാളികേര കോംപ്ലക്സ് കേരഫെഡ് ഏറ്റെടുത്ത നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ബി. സത്യൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പൂട്ടിക്കിടക്കുന്ന ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്, കേരഫെഡ് എറ്റെടുത്ത് പ്രവർത്തനം തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ എത് ഘട്ടത്തിലാണ് വിശദമാക്കാമോ;<br><br>(ബി) മാമം നാളികേര കോംപ്ലക്സിൽ പച്ചത്തേങ്ങ സംഭരണം തുടങ്ങുവാനുള്ള പദ്ധതി ഇപ്പോൾ എത് ഘട്ടത്തിലാണ്; ഇവിടെ സംഭരണം എന്നു മുതൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) യും (ബി) യും | കേരള നാളീകേര വികസന കോർപ്പറേഷന്റെ അധീനതയിൽ മാമം (ആറ്റിങ്ങൽ), ഇടപ്പള്ളി (എറണാകുളം), ഏലത്തൂർ (കോഴിക്കോട്) എന്നിവിടങ്ങളിലെ സ്ഥലം കേരഫെഡിന് സ്ഥിരമായോ വാടകയ്ക്കോ കൈമാറണ മെന്നതു സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേരഫെഡിൽ നിന്നും ലഭിച്ചിരുന്നു. പ്രവർത്തനം നിലച്ചുപോയ കേരള നാളീകേര വികസന കോർപ്പറേഷന്റെ ആസ്തികളുടെ സൂക്ഷിപ്പും നടത്തിപ്പും കേരഫെഡിനെയാണ് ഏല്പിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തി, ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനോ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിനോ കേരഫെഡിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് 2-2-2008 -ൽ അന്നത്തെ കാർഷികോൽപാദന കമ്മീഷണർ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ഈ യോഗത്തിൽ നാളീകേര വികസന കോർപ്പറേഷന്റെ കുടിശ്ശികയുള്ള കണക്കുകൾ ആറുമാസത്തിനകം ഓഡിറ്റു നടത്തിയെടുക്കണമെന്നും അതുവരെ കമ്പനിയുടെ സ്ഥലങ്ങൾ വില്ക്കുകയോ കൈമാറ്റം ചെയ്യുകയോ പാടുള്ളതല്ല എന്നും തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ തീരുമാനത്തിനനുസൃതമായ നടപടികളൊന്നും കേരഫെഡ് സ്വീകരിച്ചിട്ടില്ല. ഈ അവസ്ഥയിൽ കേരള നാളീകേര വികസന കോർപ്പറേഷന്റെ വസ്തുക്കൾ |

കേരഫെഡിന് കൈമാറ്റം ചെയ്യുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 7633/2010 നമ്പർ റിട്ട് പെറ്റീഷനും തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്. ഈ വസ്തുതകൾ സംബന്ധിച്ച് കേരഫെഡിനോട് ആരാഞ്ഞിട്ടുള്ള വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. ഈ വസ്തുതകൾ കണക്കാക്കി മാത്രമേ നാളീകേര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള മാമം നാളീകേര കോംപ്ലക്സ് ഏത് തരത്തിൽ ഉപയോഗിക്കാമെന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയൂ. ഈ സാഹചര്യത്തിൽ മാമം നാളികേര കോംപ്ലക്സിൽ പച്ചത്തേങ്ങ സംഭരിക്കാനുള്ള വിഷയത്തിൽ തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ